**ഭരണഭാഷ - മാതൃഭാഷ**

സാങ്കേതിക വിദ്യാഭ്യാസ
ഡയറക്ടറേറ്റ്, തിരുവനന്തപുരം
dtekerala@gmail.com 04712561307

സാങ്കേതിക വിദ്യാഭ്യാസം ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - **റോയ് വർഗീസ്, ഹെഡ് അക്കൌണ്ടൻറ്, സർക്കാർ പോളിടെക്നിക്ക്** കോളേജ്,വണ്ടിപ്പെരിയാർ-ഇ ഗ്രാന്റ് **സാമ്പത്തിക ക്രമക്കേട്** - സേവനത്തിൽ നിന്നും വേലവിലക്ക് ഏർപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ജീവനക്കാര്യം (ഡി) വിഭാഗം

ഇഡി1/10070/2025/ഡിടിഇ തിരുവനന്തപുരം 17-01-2025

---

വായന:- 28.11.2024 ലെ ഇടുക്കി സർക്കാർഎഞ്ചിനിയറിംഗ് കോളേജ് പ്രിൻസിപ്പാളിന്റെ കത്ത്.
2. 10.01.2025 ലെ ഇടുക്കി സർക്കാർ എഞ്ചിനിയറിംഗ് കോളേജിലേക്ക് നിയമിച്ച അന്വേഷണ കമ്മിറ്റിയുടെ റിപ്പോർട്ട്

**ഉത്തരവ്**

വണ്ടിപ്പെരിയാർ സർക്കാർ പോളിടെക്നിക്ക് കോളേജിൽ ഹെഡ് അക്കൌണ്ടൻറ് തസ്തികയിൽ ജോലി ചെയ്യുന്ന റോയ് വർഗീസ് ഇടുക്കി സർക്കാർ എഞ്ചിനിയറിംഗ് കോളേജിൽ സീനിയർ ക്ലാർക്ക് ആയിരുന്ന 2021-22 കാലയളവിൽ വിദ്യാർഥികൾക്കു വിതരണം ചെയ്യുന്നതിനുള്ള ഇ ഗ്രാന്റ് തുകയായ 2,14,500/-രൂപാ(രണ്ടു ലക്ഷത്തി പതിനാലായിരത്തി അഞ്ഞൂറ് രൂപാ മാത്രം) സാമ്പത്തിക ക്രമക്കേട് നടത്തിയതായി വായന (1) പ്രകാരം സ്ഥാപന മേധാവി റിപ്പോർട്ട് സമർപ്പിച്ചിരുന്നു .

ആയതിന്റെ അടിസ്ഥാനത്തിൽ വകുപ്പ് അന്വേഷണ കമ്മിറ്റിയെ നിയമിക്കുകയും ടി കമ്മിറ്റിയുടെ വായന(2) റിപ്പോർട്ട് പ്രകാരം 2,14,500/- രൂപാരണ്ടു ലക്ഷത്തി പതിനാലായിരത്തി അഞ്ഞൂറ് രൂപാ മാത്രം) ഇ ഗ്രാൻഡ്സ് വിതരണം ചെയ്യുന്നതിനായി വിദ്യാർഥികളുടെ പേര്,അക്കൌണ്ട് നമ്പർ,എന്നിവ ഉൾപ്പെടെ ബാങ്ക് തിരിച്ച് രണ്ട് വ്യാജ ബെനഫിഷ്യറി ലിസ്റ്റിലൂടെ തിരിമറി നടത്തിയത് റോയ് വർഗീസ് ആണെന്ന് തെളിയിക്കുന്ന രേഖകൾ ലഭ്യമായിട്ടുണ്ട് എന്ന് റിപ്പോർട്ട് സമർപ്പിക്കുകയും സാമ്പത്തിക തിരിമറി നടന്നതായി ബോധ്യപ്പെട്ടതിനാൽ ടിയനെതിരെ വകുപ്പ് തല നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുകയും ചെയ്തിരിക്കുന്നു.

മേൽ പറഞ്ഞ സാഹചര്യത്തിൽ വായനയിലെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ, വണ്ടിപ്പെരിയാർ സർക്കാർ പോളിടെക്നിക്ക് കോളേജിൽ ഹെഡ് അക്കൌണ്ടൻറ് തസ്തികയിൽ ജോലി ചെയ്യുന്ന റോയ് വർഗീസ് (പെൻ - 196962) നെ , 1960 - ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾ ഭാഗം IV ചട്ടം 10 പ്രകാരം, വകുപ്പ് തല അന്വേഷണ നപടികൾക്ക് വിധേയമായി, ഉടൻ പ്രാബല്യത്തിൽ സേവനത്തിൽ നിന്നും വേലവിലക്ക് ഏർപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

ഭാഗം 1, കേരള സർവ്വീസ് ചട്ടങ്ങൾ 55 പ്രകാരം ടി വേലവിലക്ക് കാലയളവിൽ അനുവദനീയമായ ഉപജീവനബത്തക്ക് ടിയാന് അർഹത ഉണ്ടായിരിക്കുന്നതാണ്.

SHALIJ P R
DIRECTOR

സ്വീകർത്താവ്
1.പ്രിൻസിപ്പാൾ, സർക്കാർ പോളിടെക്നിക്ക് കോളേജ്. വണ്ടിപ്പെരിയാർ (ഡിടിഇ വെബ് സൈറ്റ് വഴി)
2. റോയ് വർഗീസ്,ഹെഡ് അക്കൌണ്ടൻറ്,സർക്കാർ പോളിടെക്നിക്ക് കോളേജ്. വണ്ടിപ്പെരിയാർ (സ്ഥാപന മേധാവി വഴി)
3.പ്രിൻസിപ്പാൾ,സർക്കാർ എഞ്ചിനീയറിംഗ് കോളേജ്,ഇടുക്കി
3. അക്കൌണ്ടൻറ് ജനറൽ, അക്കൌണ്ടൻറ് ജനറലിൻ്റെ കാര്യാലയം, കോട്ടയം
4.ഇ - ഓഫീസ് കരുതൽ സഞ്ചയം

പകർപ്പ്
സി.എ, ഡയറക്ടർ

Signed by
Shalij P R
Date: 17-01-2025 17:13:59